# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3523 08..11..2019 -ലെ മറുപടിയ്ക്ക്

**ബി ആർക് പരീക്ഷക്ക് കോപ്പിയടിച്ച് പിടിക്കപ്പെട്ടവർക്കെതിരെ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ഡോ. കെ.ടി. ജലീൽ (ഉന്നതവിദ്യാഭ്യാസവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 2018 മാർച്ചിൽ നടന്ന ബി ആർക് പരീക്ഷക്ക് കോപ്പിയടിച്ച് പിടിക്കപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ചീഫ് എക്സാമിനർ ശിപാർശ നൽകിയിരുന്നോ; എങ്കിൽ എത്ര പേർക്കെതിരെയാണ് നടപടിക്ക് ശിപാർശ ചെയ്തതെന്ന് അറിയിക്കുമോ; | (എ), (ബി) & (സി) | മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിദ്യാർത്ഥികൾ പരീക്ഷാ ഹാളിൽ കോപ്പിയടി നടത്തിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല.<br>2018 മെയ്, ജൂൺ മാസങ്ങളിൽ നടന്ന ബി ആർക് പരീക്ഷകളിൽ 69 വിദ്യാർത്ഥികളുടെ അഡീഷണൽ ഷീറ്റുകളിൽ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തുക പോലുള്ള അനോമലികൾ ഉള്ളതായി എക്സാമിനർ റിപ്പോർട്ട് ചെയ്യുകയുണ്ടായിട്ടുണ്ട്. എന്നാൽ അൺ എയ്ഡഡ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷയെ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ ഭാഗത്തു നിന്നും അറിവില്ലായ്മ മൂലം ബോധപൂർവ്വമല്ലാതെ സംഭവിച്ച വീഴ്ചയാണെന്ന് കണ്ട് അവരുടെ ഉത്തരക്കടലാസുകൾ മൂല്യനിർണയം നടത്തി ഫലം പ്രഖ്യാപിക്കുന്നതിന് സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിദ്യാർത്ഥികൾക്കെതിരെ എന്തെങ്കിലും അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | | |
| (സി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് മാപ്പ് നൽകി ഉത്തരക്കടലാസ്സ് പരിശോധനയിലേയ്ക്കായി സിൻഡിക്കേറ്റ് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ